REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പാർലമെന്റ് വർഷകാല സമ്മേളനത്തിന് മുന്നോടിയായി അടുത്ത ഞായറാഴ്ച സർവ കക്ഷി യോഗം വിളിച്ചു.
- സമൂസ, ജിലേബി,ലഡ്ഡു  അടക്കം ഭക്ഷ്യവസ്തുക്കളിൽ മുന്നറിയിപ്പ് ലേബൽ പതിക്കാൻ നിർദേശിച്ചെന്ന റിപ്പോർട്ടുകൾ ആരോഗ്യമന്ത്രാലയം തള്ളി.
- KFC വഴി നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി ഒരു വർഷം കൂടി നീട്ടിയതായി മന്ത്രി KN ബാലഗോപാൽ.
- സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഒരു ലക്ഷം വീടുകളിൽ സൗജന്യ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി.
- പാലക്കാട് ജില്ലയിൽ വീണ്ടും നിപ്പ സ്ഥിരീകരിച്ചതോടെ അതിർത്തികളിൽ  തമിഴ്നാട് ആരോഗ്യവകുപ്പ് പരിശോധന കർശനമാക്കി.
- നാളെ കർക്കിടകം ഒന്ന്. രാമായണ മാസാചരണത്തിന് തുടക്കമാകും.

# വാർത്തകൾ വിശദമായി

പാർലമെന്റ് വർഷകാല സമ്മേളനത്തിന് മുന്നോടിയായി അടുത്ത ഞായറാഴ്ച ഗവൺമെന്റ് സർവ കക്ഷി യോഗം വിളിച്ചു. സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ പാർട്ടികളുടേയും സഹകരണം തേടിയാണ് യോഗം ചേരുന്നത്. ജൂലൈ 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം. നിരവധി സുപ്രധാന നിയമനിർമ്മാണങ്ങൾ സമ്മേളനം പരിഗണിക്കും.

✪✪✪

സമൂസ, ജിലേബി,ലഡ്ഡു തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ മുന്നറിയിപ്പ് ലേബലുകൾ പതിക്കാൻ നിർദേശിച്ചെന്ന മാധ്യമ റിപ്പോർട്ടുകൾ ആരോഗ്യമന്ത്രാലയം തള്ളി. റിപ്പോർട്ടുകൾ തെറ്റിദ്ധാരണാജനകവും അടിസ്ഥാനരഹിതവുമാണെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയ പഞ്ചസാര, കൊഴുപ്പ് എന്നിവയുടെ ദോഷകരമായ ഉപയോഗത്തെ കുറിച്ച് അവബോധം വളർത്താൻ കഫറ്റീരിയകളും, കാന്റീനുകളും ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന് നിർദേശിച്ചതിനെ മാധ്യമങ്ങൾ തെറ്റായി വ്യാഖ്യാനിക്കുകയായിരുന്നുവെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴി നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി ഒരു വർഷം കൂടി നീട്ടിയതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. അടുത്ത വർഷം ഏപ്രിൽ വരെയാണ് പദ്ധതിയുടെ കാലാവധി.

പദ്ധതിയിലെ വായ്പാപരിധി രണ്ടു കോടി രൂപയിൽനിന്ന് അഞ്ചു കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. വായ്പ പലിശയിൽ അഞ്ചു ശതമാനം സബ്സിഡിയാണ്. ഇതിൽ മൂന്നു ശതമാനം ഗവൺമെന്റും രണ്ടു ശതമാനം KFCയും വഹിക്കും. ആറു ശതമാനം പലിശ മാത്രം സംരംഭകൻ നൽകിയാൽ മതിയാകും.

✪✪✪

ഡിജിറ്റൽ റവന്യൂ കാർഡ് നടപ്പാക്കുന്ന നടപടികൾ നവംബറിൽ തുടങ്ങുമെന്ന് മന്ത്രി K. രാജൻ അറിയിച്ചു. ഭൂമി സംബന്ധമായ 14 വിവരങ്ങൾ കാർഡിലൂടെ ലഭ്യമാക്കും. കോഴിക്കോട്, താമരശേരി താലൂക്ക് പട്ടയമേള ഓൺ ലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സ്വകാര്യ ബസ് പണിമുടക്ക് ഒഴിവാക്കാൻ സ്വകാര്യ ബസ് ഓപ്പറേറ്റർമാരുടെ സംഘടനകളുമായി ഉച്ചകഴിഞ്ഞു മന്ത്രി KB ഗണേഷ് കുമാർ ചർച്ച നടത്തും. തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിൽ വൈകിട്ട് മൂന്നരയ്ക്കാണ് ചർച്ച.

ബസുടമകൾ ഈ മാസം 22 മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുന്നത്.

✪✪✪

സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം വീടുകളിൽ സൗജന്യ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് മന്ത്രി K. കൃഷ്ണൻകുട്ടി അറിയിച്ചു. അനെർട്ട് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിലൂടെ പ്രതിവർഷം പതിനായിരം രൂപയോളം സ്ഥിരവരുമാനവും സൗരോർജ്ജ പ്ലാന്റ് വഴി ലഭിക്കുമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ സ്ഥിരീകരിച്ച രണ്ടാമത്തെ നിപ കേസിന്റെ പുതുക്കിയ റൂട്ട് മാപ്പ് പുറത്തിറക്കി. ഇതിലെ സ്ഥലങ്ങളിലും സമയങ്ങളിലും പ്രദേശത്ത് ഉണ്ടായിരുന്നവർ എത്രയും വേഗം നിപ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ വീണ്ടും നിപ്പ സ്ഥിരീകരിച്ചതോടെ അതിർത്തികളിൽ തമിഴ്നാട് ആരോഗ്യവകുപ്പ് പരിശോധന കർശനമാക്കി. കോയമ്പത്തൂർ ജില്ലാ കലക്ടറുടെ നിർദേശപ്രകാരമാണു ചാവടി ഉൾപ്പെടെ അതിർത്തികളിൽ 24 മണിക്കൂറും പരിശോധന ആരംഭിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്.

.......വോയ്സ്..........

ദേശീയപാത ഭാഗികമായി അടച്ചിട്ട് കേരളത്തിൽ നിന്നെത്തുന്ന മുഴുവൻ യാത്രക്കാരെയും പരിശോധിച്ചാണ് അതിർത്തി കടത്തിവിടുന്നത്. ജില്ലയിൽ കൂടുതൽ പേർ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ വരും ദിവസങ്ങളിൽ പരിശോധന കർശനമാക്കുമെന്നാണ് സൂചന. വാളയാറിന് പുറമെ മീനാക്ഷിപുരം, ഗോവിന്ദാപുരം, വേലന്താവളം, ഗോപാലപുരം, ആനക്കട്ടി തുടങ്ങിയ അതിർത്തി ചെക്ക്പോസ്റ്റുകളിലും പരിശോധന ആരംഭിച്ചിട്ടുണ്ട്. ശരീരോഷ്മാവും യാത്രക്കാരുടെ ആരോഗ്യസ്ഥിതിയും പരിശോധിച്ച ശേഷമാണു തുടർയാത്ര അനുവദിക്കുന്നത്. പനിയോ ലക്ഷണങ്ങളോ കണ്ടാൽ ആശുപത്രിയിലേക്കു മാറ്റാനാണു

നിർദേശം..പനിയോ മറ്റു രോഗങ്ങളോ ഉള്ളവർ യാത്ര ഒഴിവാക്കണമെന്നാണ് തമിഴ്നാട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശം ജില്ലയിൽ നിന്ന് തമിഴ്നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ആശുപത്രികളിലേക്കും പോവുന്നവർ രേഖകൾ സൂക്ഷിക്കണമെന്നും തമിഴ്നാട് ആരോഗ്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

മലപ്പുറം ജൻ ശിക്ഷൺ സൻസ്ഥാന്റെ ഗുണഭോക്തൃസംഗമവും, പ്രദർശനവും നാളെ രാവിലെ മലപ്പുറം ടൗൺഹാളിൽ കേന്ദ്രമന്ത്രി ജയന്ത് ചൗധരി ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ JSS-ന്റെ കീഴിൽ പരിശീലനം പൂർത്തീകരിച്ച 1,800 ഗുണഭോക്താക്കൾക്ക് ചടങ്ങിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. ഈ വർഷത്തെ പുതിയ ഗുണഭോക്താക്കളുടെ പരിശീലനം, സംരംഭകർക്ക് ആദരം, തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

PM വികാസ് പദ്ധതിക്ക് കീഴിലെ നൈപുണ്യ പരിശീലന വനിതാ സംരംഭകത്വ വികസന പദ്ധതി നാളെ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ കോട്ടയം ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങളിൽപെട്ട 450 ഉദ്യോഗാർത്ഥികളുടെ പരിശീലന പദ്ധതി ഏറ്റെടുക്കുന്ന ചുമതല കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം IIIT യെ ഏൽപ്പിച്ചിട്ടുണ്ട്. 150 യുവാക്കൾക്ക് തൊഴിൽസാധ്യതാ സാങ്കേതിക മേഖലയിൽ പരിശീലനം നൽകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാം.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ഒമ്പത് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ,

കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. നാളെ അഞ്ച് വടക്കൻ ജില്ലകളിലും ഓറഞ്ച് ജാഗ്രതയാണ്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ ദിവസങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മത്സ്യ ബന്ധനത്തിന് കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

ഇന്ന് ലോക സർപ്പ ദിനം. സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർപ്പദിന പരിപാടികൾക്ക് തിരുവനന്തപുരത്ത് തുടക്കമായി. വനം ആസ്ഥാനത്ത് മന്ത്രി AK ശശീന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്തു. SARPA പദ്ധതിയുടെ അവലോകന ശില്പശാലയും ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. പാമ്പുകടി മരണങ്ങൾ കുറയ്ക്കാനും പാമ്പുകളുടെ സംരക്ഷണത്തിനുമായി ആരംഭിച്ച "മിഷൻ സർപ്പ"യുടെ അഞ്ചാം വാർഷികവും അവലോകനവുമായാണ് ദിനാചരണം.

✪✪✪

രാമായണ മാസത്തിന് നാളെ തുടക്കമാകും. കർക്കിടകം ഒന്നായ നാളെ രാമായണ മാസാചരണത്തിന് ക്ഷേത്രങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. നാലമ്പല തീർഥാടനത്തിനും ഇതോടെ തുടക്കമാകും. ഇരിങ്ങാലക്കുടയിൽ നിന്ന ആരംഭിക്കുന്ന നാലമ്പല ദർശന KSRTC സ്പെഷ്യൽ സർവീസുകൾ മന്ത്രി ഡോ. R ബിന്ദു ഫ്ളാഗ് ഓഫ് ചെയ്തു. നാളെ മുതൽ രണ്ട് സർവ്വീസുകൾ തുടങ്ങും.

✪✪✪

കർക്കടക മാസ പൂജയ്ക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല. നാളെ കർക്കടകം ഒന്നിന് രാവിലെ മുതൽ നട അടയ്ക്കുന്ന 21 വരെ എല്ലാ ദിവസവും പതിവു പൂജകളും വിശേഷാൽ പൂജകളും ഉണ്ടായിരിക്കും. 21നു നട അടച്ച ശേഷം നിറപുത്തരി പൂജയ്ക്ക് ഈ മാസം 29 നു വീണ്ടും നട തുറക്കും.

✪✪✪

സംസ്ഥാന കായിക വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന കോളേജ് സ്പോർട്സ് ലീഗ് കേരള, നാളെ കാലിക്കറ്റ് സർവകലാശാല ക്യാമ്പസിൽ തുടങ്ങും. നാളത്തെ മത്സരങ്ങളിൽ ഗുരുവായൂരപ്പൻ കോളേജ്, കാലടി സംസ്കൃത സർവകലാശാലയേയും, തൃശൂർ കേരളവർമ കോളേജ്, കോതമംഗലം M A കോളേജിനേയും നേരിടും. മറ്റന്നാൾ മന്ത്രി V അബ്ദുറഹിമാൻ കാലിക്കറ്റ് സർവകലാശാല ക്യാമ്പസിൽ CSL മത്സരങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യാ - ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയ്ക്ക് ഇംഗ്ലണ്ടിലെ സതാംപ്ടണിലെ റോസ് ബൗളിൽ വൈകിട്ട് തുടക്കമാകും. മൂന്ന് മത്സര പരമ്പരയിലെ ആദ്യ മത്സരം ഇന്ത്യൻ സമയം വൈകിട്ടു 5:30 ന് ആരംഭിക്കും.

✪✪✪

ഇന്ത്യൻ ഹോക്കി താരം ദീപിക 2024-25 വർഷത്തെ പോളിഗ്രാസ് മാജിക് സ്കിൽ പുരസ്കാരത്തിന് അർഹയായി. FIH ഹോക്കി പ്രോ ലീഗിൽ ലോക ഒന്നാം നമ്പർ ടീമായ നെതർലൻഡ്സിനെതിരെ നേടിയ ഗോളാണ് ദീപികയെ പുരസ്കാരത്തിന് അർഹയാക്കിയത്. ജൂലൈ 4 മുതൽ 13 വരെ ആഗോളതല വോട്ടെടുപ്പിലൂടെയാണ് പുരസ്കാര ജേതാവിനെ കണ്ടെത്തിയത്.

✪✪✪

FIDE വനിതാ ചെസ്സ് ലോകകപ്പിന്റെ നാലാം റൗണ്ടിൽ ഇന്ത്യയുടെ R വൈശാലി, ഹരിക ദ്രോണവല്ലി, കൊനേരു ഹംപി, ദിവ്യ ദേശ്മുഖ് എന്നിവർ ഇന്ന് മത്സരിക്കും. പ്രീ-ക്വാർട്ടർ ഫൈനലിൽ വൈശാലി കസാക്കിസ്ഥാനെയും ഹരിക, ലാഗ്നോയെയും  ഹംപി, സ്വിറ്റ്സർലൻഡിനെയും  ദിവ്യ, ചൈനയേയും നേരിടും.

✪✪✪

എല്ലാ മേഖലയിലും വികസനം എന്ന പ്രധാന മന്ത്രിയുടെ ആഗ്രഹം പൂർത്തീകരിക്കാനായിരിക്കും ശ്രമമെന്ന് നിയുക്ത രാജ്യസഭാംഗം C. സദാനന്ദൻ മാസ്റ്റർ പറഞ്ഞു.  BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റി ഒരുക്കിയ സ്വീകരണ പരിപാടിയിൽ സംസാരിക്കുക ആയിരുന്നു അദ്ദേഹം.  സ്വീകരണ സമ്മേളനം പാർട്ടി മുൻ സംസ്ഥാന പ്രസിഡന്റ് CK പത്മനാഭൻ ഉദ്ഘാടനം ചെയ്തു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞു 72,800 രൂപയായി, 9,100 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs:അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*